LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി&സി) പ്ലസ് ടു തലംവരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രച്ചെലവ് അവരുടെ വിദ്യാഭ്യാസത്തിന് ഒരു പരിധിവരെയെങ്കിലും തടസ്സമാവരുതെന്നും ഡീസൽ വില കുറഞ്ഞത് ലിറ്ററിന് ഏതാണ്ട് 52 രൂപയിൽ എത്തിയപ്പോൾ അതിന്റെ ആനുകൂല്യം വിദ്യാർത്ഥികൾക്കും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാക്കുക എന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി.-യുടെ ടൗൺ ടു ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവീസുകളിലും 1-2-2015 മുതൽ പ്ലസ് ടു തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചുവരികയാണ്.

10 രൂപയുടെ ഒരു സൗജന്യ യാത്രാകാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്.

സൗജന്യയാത്രാ കാർഡിൽ യാത്ര ചെയ്യേണ്ട റൂട്ടും കാലാവധിയും രേഖപ്പെടുത്തിയിട്ടുണ്ട്. 3 മാസം കൂടുമ്പോൾ ഈ കാർഡ് പുതുക്കി വാങ്ങേണ്ടതാണ്. ഞായറാഴ്ചയും മറ്റ് പൊതു അവധി ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യയാത്രാ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.

ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യ കാര്യാലയത്തിൽനിന്നും എല്ലാ ഡിപ്പോകൾക്കും നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൽപ്പറ്റ ഡിപ്പോ

327 (2156) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൽപ്പറ്റ ഡിപ്പോയിൽനിന്ന് കൽപ്പറ്റ- മുണ്ടേരി-മണിയംകോട് - കോക്കുഴി - കോട്ടത്തറ - വണ്ടിയാംമ്പറ്റ - കണ്ണിക്കാട്- കൽപ്പറ്റ സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത റൂട്ടിൽ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്.

(സി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

കെ.എസ്.ആർ.ടി.സി.-ലെ ഡ്രൈവർമാരുടെ കുറവ്

328 (2157) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരുടെ കുറവുമൂലം ദിവസേന ശരാശരി എത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ആകെ മുടങ്ങുന്നത് ; ഇതുവഴി എത്ര രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്നത്; വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഡ്രൈവർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഈ തസ്തികയിൽ എം-പാനൽവഴി നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകളും, ഷെഡ്യൂളുകളുമാണ് ഇപ്പോഴുള്ളത് ; ഡ്രൈവർമാരുടെ അഭാവം മൂലം ശരാശരി എത്ര ഷെഡ്യൂളുകളാണ് ദിവസവും വെട്ടിക്കുറയ്ക്കുന്നത് ; ഇതുവഴി പ്രതിദിനം എത്ര രൂപയാണ് നഷ്ടമാകുന്നത് ; വ്യക്തമാക്കുമോ ;

(ഡി) മറ്റ് ഡിപ്പോകളിൽനിന്നും റാന്നിക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്നവർക്ക് സ്ഥലംമാറ്റം നൽകുന്നതിനും റാന്നിയിലെ ഡ്രൈവർമാരുടെ ഒഴിവു നികത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഡ്രൈവർമാർ കൃത്യമായി ജോലിക്ക് വരാത്തതുമൂലം പ്രതിദിനം ശരാശരി 85 വരെ ഷെഡ്യൂളുകൾ മുടങ്ങാറുണ്ട്. തന്മൂലം 10,20,000 രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly